# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :692 29.11.2018-ൽ മറുപടിക്ക്

### സഹകരണ ബാങ്കുകളിലെ ക്രമക്കേടുകൾ തടയാൻ നടപടി

ചോദ്യം

ശ്രീ.മോൻസ് ജോസഫ്

മറുപടി

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രാഥമിക സഹകരണ ബാങ്കുകളിൽ നടക്കുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നടക്കുന്ന ക്രക്കേടുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, താലൂക്ക് തല അസിസ്റ്റന്റ് രജിസ്ട്രാർമാർ എന്നിവർ സഹകരണ ബാങ്കുകളിൽ ആകസ്മികവും വിശദവുമായ പരിശോധനകൾ നടത്തുകയും, കൂടാതെ പൊതുജനങ്ങളിൽ നിന്നും സഹകാരികളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ പ്രാഥമിക അന്വേഷണം നടത്തുകയും ക്രമക്കേടുകൾ ബോദ്ധ്യപ്പെടുന്ന പക്ഷം സഹകരണ നിയമം വകുപ്പ് 65, 66, 68 പ്രകാരമുള്ള തുടർ അന്വേഷണങ്ങളും പരിശോധനകളും നടത്തുകയും പ്രസ്തുത അന്വേഷണങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികളും വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ക്രമക്കേടിന് കാരണക്കാരായ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അച്ചടക്ക നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ ക്രിമിനൽ സ്വഭാവമുള്ള കേസുകളിന്മേൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68 എ പ്രകാരം രൂപീകരിച്ചിട്ടുള്ള സഹകരണ വിജിലൻസ് സംവിധാനം സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായി അന്വേഷണം നടത്തുകയും സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത അന്വേഷണ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ടുകളിന്മേലും സഹകരണ സംഘം രജിസ്ട്രാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളിലെ ആഡിറ്റിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ടി റിപ്പോർട്ടുകളുടെ അടിസ്ഥാന ത്തിൽ സഹകരണ നിയമപ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. |
| (ബി) | ചിട്ടിയുടെ നടത്തിപ്പിൽ ഉണ്ടാകുന്ന ക്രമക്കേടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കാമോ; ജീവനക്കാർ തന്നെ ചിട്ടിയിൽ ചേരുന്നതും അവർ തന്നെ ചിട്ടി പിടിക്കുന്നതിനുമേലും നിയന്ത്രണം ഏർപ്പെടുത്തുമോ; | (ബി) | സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ അംഗീകരിച്ച ഉപനിബന്ധനയ്ക്ക് വിധേയമായാണോ ചിട്ടി/എം.ഡി.എസ് നടത്തുന്നതെന്ന് പരിശോധി ക്കാറുണ്ട്. ഓരോ പുതിയ എം.ഡി.എസ് തുടങ്ങുമ്പോഴും അസിസ്റ്റന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങുന്നുണ്ടോ എന്നും, സഹകരണ സംഘം രജിസ്ട്രാറുടെ 36/12 സർക്കുലറിന് വിധേയ മായാണോ എം.ഡി.എസ് നടത്തുന്നതെന്നും പരിശോധിക്കാറുണ്ട്. കൂടാതെ സർക്കാരിലേക്ക് അടയ്ക്കുവാനുള്ള 2% കമ്മീഷൻ കൃത്യമായി അടച്ചിട്ടുണ്ടോ എന്നും പരിശോധിക്കാറുണ്ട്. നിലവിലുള്ള ചിട്ടികൾക്ക് കുടിശ്ശിക ഉണ്ടോ എന്നും കുടിശ്ശിക ഉണ്ടെങ്കിൽ കുടിശ്ശിക തീർക്കുവാനുള്ള നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകാറുണ്ട്. ജീവനക്കാർ ചിട്ടിയിൽ ചേരാതിരിക്കുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ജീവനക്കാർ ചിട്ടിയിൽ ചേർന്നതായി കണ്ടെത്തിയാൽ ടിയാളുടെ എം.ഡി.എസ്.ലെ അംഗത്വം അവസാനിപ്പിക്കുന്നതിനും കർശന നിർദ്ദേശങ്ങൾ നൽകി വരുന്നു. |
| (സി) | ചിട്ടികൾ പിടിക്കുന്നതിനുള്ള ഗ്യാരൻറി കൃത്യമായും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ടോ; ഒരു കുടുംബത്തിൽ നിന്നും ഒന്നിലേറെ ചിട്ടികളിൽ ചേരുന്ന അവസ്ഥ ഒഴിവാക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി) | യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർ എന്നിവരുടെ ആകസ്മിക, വിശദ പരിശോധനകൾ, ആഡിറ്റ് എന്നീ അവസര ങ്ങളിൽ എം.ഡി.എസ് പണം നൽകുന്നതിനുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഒരു കുടുംബത്തിൽ നിന്നും ഒന്നിലേറെ ചിട്ടികളിൽ ചേരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുള്ള സാഹചര്യങ്ങളിൽ ഈ അവസ്ഥ പ്രോത്സാഹിപ്പിക്കരുതെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സഹകരണ ബാങ്കുകളിൽ പണയ ഉരുപ്പടികളുടെ പരിശോധന കർശന മാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യാജ പണയ വസ്തുക്കളുടെ പരിശോധനയ്ക്ക് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്നറിയി ക്കാമോ ? | (ഡി) | സഹകരണ സംഘങ്ങളിൽ സ്വർണ്ണപ്പണയാഭരണ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ 22/2016 സർക്കുലർ പ്രകാരം കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതിനു പുറമെ സഹകരണ സംഘം രജിസ്ട്രാറുടെ പ്രത്യേക നിർദ്ദേശപ്രകാരം വായ്പേതര സഹകരണ സംഘങ്ങളിലെ സ്വർണ്ണപ്പണയ പരിശോധന നടത്തുകയും വായ്പ സംഘങ്ങളുടെ സ്വർണ്ണപ്പണയ പരിശോധന നടത്തുന്നതിന് നിർദ്ദേശവും നൽകിയിട്ടുള്ളതാണ്. എന്നാൽ പണയ ഉരുപ്പടികൾ കൈകാര്യം ചെയ്യുന്നതിൽ കൃത്രിമം കാണിക്കുന്നതും സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നതും സഹകരണ ബാങ്കുകളിൽ തുടർന്നു വരുന്നതായി ആക്ഷേപമുയർന്നിരിക്കുന്ന സാഹചര്യത്തിൽ ആയത് തടയാൻ സഹകരണ സംഘം രജിസ്ട്രാർ 13/2018 സർക്കുലർ പ്രകാരം 22/2016 സർക്കുലറിലെ നിർദ്ദേശങ്ങളെ കുറച്ചുകൂടി സ്പഷ്ടീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന മുഴുവൻ സ്വർണ്ണപ്പണയ പണ്ടങ്ങളുടെയും തൂക്കത്തിലെ കൃത്യതയും പരിശുദ്ധിയും ഉറപ്പു വരുത്തുന്നതിന് സംഘം തലത്തിൽ ഒരു കമ്മിറ്റിയെ രൂപീകരിക്കുകയും സംഘത്തിൽ നടക്കുന്ന എല്ലാ സ്വർണ്ണപ്പണയ ക്രമക്കേടുകൾക്കും പൂർണ്ണ ഉത്തരവാദിത്തം ടി കമ്മിറ്റിക്കും സംഘത്തിലെ ഭരണ സമിതി അംഗങ്ങളിലും നിക്ഷിപ്തമാക്കി വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. യൂണിറ്റ് ഇൻസ്പെക്ടർമാർ, കൺകറന്റ് ആഡിറ്റർമാർ എന്നിവർ പണയ ഉരുപ്പടികളുടെ പരിശോധന സ്വന്തം നിലയിലും അപ്രൈസറുടെ സഹായത്താലും കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. കൂടാതെ ബാങ്ക് ഭരണസമിതിയും സ്വർണ്ണപ്പണയ ഉരുപ്പടികളുടെ ഭൗതിക പരിശോധന നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ